2025 JULY
27
TO
AUG- 2




HMYS HSS KOTTUVALLIKKAD email : hmyshss25056@gmail.com Sub Dt: North Paravur Volume - 9

# വർണ്ണ വിസ്മയവും കൗതുകവും കണ്ടുപിടുത്തങ്ങളുമായി ഗണിത- ശാസ്ത്ര - സാമൂഹ്യശാസ്ത്ര - പ്രവർത്തിപരിചയ മേളകൾ





സ്കൂളിൽ നടത്തിയ പ്രവർത്തി പരിചയമേളയിൽ നിന്ന്

കൊട്ടുവള്ളിക്കാട് : ഉപജില്ല മത്സരങ്ങളുടെ മുന്നോടിയായി സ്കൂൾതല മേളകൾ സംഘടിപ്പിച്ചു. കുട്ടികളിലെ വിവിധ മേഖലകളിലുള്ള കഴിവ് തെളിയിക്കുന്നതിനായി സ്കൂൾതലത്തിൽ സംഘടിപ്പിച്ച ഈ വർഷത്തെ ഗണിതശാസ്ത്ര- ശാസ്ത്ര- സാമൂഹ്യശാസ്ത്ര- പ്രവർത്തി പരിചയമേളകളിൽ സ്കൂളിലെ ഭൂരിഭാഗം കുട്ടികളും മാറ്റുരച്ചു.

പുതുമയും കൗതുകം നിറഞ്ഞതുമായ പ്രവർത്തിപരിചയ മേള കുട്ടികളിൽ കൗതുകവും ഒപ്പം വിസ്മയവും ഉളവാക്കുന്ന ഒന്നായിരുന്നു. കുട്ടിശാസ്ത്രജ്ഞന്മാരുടെ പുത്തൻ കണ്ടുപിടുത്തങ്ങളുമായി നടത്തിയ ശാസ്ത്ര- ഗണിതശാസ്ത്ര മേളകൾഉയർന്ന പങ്കാളിത്തം, അഭിനവ ആശയങ്ങൾ, നൂതനമായ അവതരണശൈലി എന്നിവയിലൂടെ വിദ്യാർത്ഥികളുടെ ശാസ്ത്ര- ഗണിതശാസ്ത്ര മേഖലകളിലെ കഴിവുകളെ ആഴത്തിൽ വെളിപ്പെടുത്തുന്നഒന്നായിരുന്നു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വ ത്തിൽ സംഘടിപ്പിച്ച സാമൂഹ്യശാസ്ത്രമേള വിദ്യാർത്ഥികളിൽ സാമൂഹികബോധം വളർ ത്താനും ചരിത്രം, നയതന്ത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വിഷയ ങ്ങളിലേക്കുള്ള താത്പര്യം വളർത്താനുതകുന്ന ഒന്നായിരുന്നു.

വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ സമീപനം, സംശോധനാത്മക കാഴ്ചപ്പാട് എന്നിവ മേളയ്ക്ക് പ്രത്യേകത നൽകി. മേളകളുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് ശ്രീമതി ഇ എൻ ബിന്ദുടീച്ചർ നിർവഹിച്ചു. സ്കൂളിലെ മുഴുവൻ അധ്യാപകരുടേയും അനധ്യാപകരുടെയും സഹായസഹകരണത്തോടെ നടത്തിയ മേളകൾ വിദ്യാർത്ഥികൾക്ക് ഓർമ്മയിൽ എന്നും നിറഞ്ഞുനിൽക്കുന്നഒന്നായിമാറി.

## മഹത് വചനം

സന്തോഷത്തിന്റെ ഒരു വാതിൽ അടയുമ്പോൾ എപ്പോഴും മറ്റൊന്ന് തുറക്കുന്നു. അടഞ്ഞ വാതിലിൽ നോക്കി നിൽക്കുന്നത് കൊണ്ടാണ് തുറന്ന വാതിൽ നമ്മൾ കാണാത്തത്.

ഹെലൻ കെല്ലർ






# പ്രേംചന്ദ് ജയന്തി – ഹിന്ദി ദിനമായി ആഘോഷിച്ചു



ഹിന്ദി ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ പ്രത്യേക അസംബ്ലിയിൽ നിന്ന്






പോസ്റ്റർ ഡിസൈനിങ് മത്സരത്തിൽ നിന്ന്

പ്രശസ്ത ഹിന്ദി സാഹിത്യകാരൻ ശ്രീ ധൻപത് റായ് ശ്രീവാസ്തവയുടെ (പ്രേംചന്ദ്) ജന്മദിനമായ ജൂലൈ 31 ഹിന്ദി ദിനമായി ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി കൂടി. പ്രാർത്ഥന പ്രതിജ്ഞ ന്യൂസ് റീഡിങ് മഹത് വചനം സന്ദേശം എന്നിവയെല്ലാം ദിനാചരണത്തിന്റെ ഭാഗമായി ഹിന്ദിയിൽ ആയിരുന്നു നടത്തിയത്. പോസ്റ്റർ ഡിസൈനിങ് കവിതാലാപനം കഥാരചന റീഡിങ് കോമ്പറ്റീഷൻ എന്നിവയും ദിനാചരണത്തിന്റെ ഭാഗമായി നടത്തി ഹിന്ദി അധ്യാപികമാരായ എൻ ആർ ബിന്ദു ടീച്ചർ,കെ എസ് നിത ടീച്ചർ, സീബ സേനൻ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു മത്സരങ്ങൾസംഘടിപ്പിച്ചത്.



എറണാകുളംജില്ല ബോൾ ബാഡ്മിന്റൺ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ റണ്ണേഴ്സ് അപ്പ് ആയ കൊട്ടുവള്ളിക്കാട് സ്കൂൾ ടീം

# പുതിയ പദങ്ങൾ പരിചയപ്പെടാം










## 15 വർഷത്തെ തിളക്കവുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി







എസ് പി സി കേഡറ്റുകൾ പതിനഞ്ചാം വാർഷികവുമായി ബന്ധപ്പെട്ട് നടത്തുന്ന സെറിമോണിയിൽ പരേഡിന്റെ റിഹേഴ്സൽ ചെയ്യുന്നു.

സംസ്ഥാന ആഭ്യന്തരവകുപ്പും വിദ്യാഭ്യാസവകുപ്പും ചേർന്ന് 2010ൽ കേരളത്തിൽ രൂപംകൊടുത്ത പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി (SPC). 2010 ഓഗസ്റ്റ് 2ന് കേരളത്തിലാകെ 127 സ്കൂളുകളിലായി 11,176 ഹൈസ്കൂൾ വിദ്യാർഥികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് എസ്.പി.സി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കു തുടക്കംകുറിച്ചത്. ഈ പദ്ധതിക്ക് നേതൃത്വം നൽകാൻ ആഭ്യന്തരവകുപ്പിനും വിദ്യാഭ്യാസവകുപ്പിനുമൊപ്പം ഗതാഗത- വനം- എക്സൈസ്- തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പിന്തുണയുമുണ്ട്.

**SPCയുടെലക്ഷ്യങ്ങൾ**

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെവാർത്തെടുക്കുക. വിദ്യാർഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്നു പ്രവർ ത്തിക്കാനും ഉള്ള മനോഭാവം വിദ്യാർഥികളിൽ വളർത്തുക.

സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നിയമം സ്വമേധയാ അനുസരിക്കുന്ന ഒരു മാതൃകാ വിദ്യാർഥി സമൂഹത്തെ വാർത്തെടുക്കുക. നിയമത്തോടുള്ള ആദരവ്, നാഗരിക ബോധം, സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടുള്ള സഹാനുഭൂതി, സാമൂഹിക തിന്മകളോടുള്ള ചെറുത്തുനിൽപ്പ് എന്നിവ ആജീവനാന്ത വ്യക്തിഗത ശീലങ്ങളായി പ്രകടിപ്പിക്കുന്ന ഉത്തരവാദിത്തമുള്ള പൗരന്മാരായി വിദ്യാർത്ഥികളെ വികസിപ്പിക്കുന്നതിനുള്ള ഘടനാപരമായ രണ്ട് വർഷത്തെ പരിശീലന പരിപാടി ഉൾക്കൊള്ളുന്നതാണ് പദ്ധതി. സ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അതാത് സ്കൂളിൽ നടപ്പിലാക്കുന്നതിനുമായി സ്കൂളിലെ രണ്ട് അധ്യാപകർക്കാണ് സബ് ഇൻസ്പെക്ടർ റാങ്ക് യൂണിഫോമും പരിശീലനവും നൽകി CPO കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായി ചുമതല നൽകിയിരിക്കുന്നത്.

" WE LEARN TO SERVE "

## അവാർഡ് തിളക്കവുമായി മനോജ് മാസ്റ്റർ




എസ് പി സി സംസ്ഥാന തലത്തിൽ ഈ വർഷത്തെമികച്ചകമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി തെരഞ്ഞെടുത്ത കൊട്ടുവള്ളിക്കാട് എച്ച് എം വൈ എസ് ഹയർ സെക്കന്ററി സ്കൂളിലെ കെ പി മനോജ് മാസ്റ്റർ.



തിരുവനന്തപുരത്ത് നടന്ന എസ് പി സി സംസ്ഥാന ക്യാമ്പിൽ - കമ്മ്യൂണിറ്റി പോലീസ് ഓഫീസർ അവാർഡ് ജേതാവ് ശ്രീ മനോജ് മാസ്റ്റർ ഐ ജി ശ്രീ പി വിജയൻ ഐ പി എസ് അവർ കളോടൊപ്പം.

## റെഡ്, ബ്ലൂ, യെല്ലോ, ഗ്രീൻ - ഹൗസ് ക്യാപ്റ്റൻമാരെ തിരഞ്ഞെടുത്തു













## ഹോംവർക്ക് കുട്ടികൾസ്വയംചെയ്യട്ടെ




കുട്ടികളെ കൊണ്ട് ഹോം വർക്ക് ചെയ്യിക്കൽ പല രക്ഷകർത്താക്കൾക്കും വെല്ലുവിളിയാണ്. കുട്ടികളുടെ ഹോംവർക്ക് പല രക്ഷകർത്താക്കളും ചെയ്തു കൊടുക്കുന്നത് പതിവാണ്. ഹോം വർക്കുകൾ കുട്ടികളെ കൊണ്ടു തന്നെ ചെയ്യിപ്പിക്കേണ്ടതാണ്, സഹായങ്ങൾ ആവശ്യമെങ്കിൽ മാത്രം കൊടുത്താൽ മതിയാകും. പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും ഹോം വർക്കുകൾ ചെയ്യിപ്പിക്കുവാൻ ശ്രമിക്കരുത്. അത് കുട്ടികളിൽ മാനസിക സമ്മർദ്ദം കൂട്ടുവാനും ഹോം വർക്കിനെ പേടിക്കാനും കാരണമാകും. അതിനാൽ ഒരു കളി പോലെ രസകരമായി ഹോംവർക്കുകൾ ചെയ്യുവാൻ കുട്ടികളെ പരിശീലിപ്പിക്കണം. കുട്ടികൾക്ക് എളുപ്പമുള്ള വിഷയങ്ങൾ ആദ്യം തന്നെ ചെയ്യട്ടെ. അത് കുട്ടികളിൽ ഹോം വർക്ക് ചെയ്യുവാനുള്ള താൽപര്യം വർദ്ധിപ്പിക്കും. പുസ്തകങ്ങൾ പരിശോധിക്കുകയും അവരുടെ അധ്യാപകരുമായി ഇടയ്ക്കിടെ സംസാരിക്കുകയും വേണം. ഇത് കുട്ടികളിൽ ഹോം വർക്കുകളും മറ്റ് പഠനകാര്യങ്ങളും സ്വയം ചെയ്യേണ്ടതിന്റെ കാര്യഗൗരവം മനസ്സിലാക്കാൻസഹായിക്കും.

### ഗണിതശാസ്ത്ര മേളയിൽ നിന്ന്





### ഗണിതശാസ്ത്ര മേള വിജയികൾ UP



സ്റ്റിൽമോഡൽ അനന്തദ 7B



നമ്പർ ചാർട്ട്
ആൻ റിവറോസ് 7B



പസിൽസ്-നാഗനാഥ് 7D



ജ്യോമെട്രിക്കൽചാർട്ട്ആരവ് 7B



സ്റ്റിൽ മോഡൽ ആദിക്ക്7B



ഗെയിം പാർവണ 7 B

